ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

KLS/8409/2025-KLIBF (Vol. III)

തിരുവനന്തപുരം
07.11.2025

## ക്വട്ടേഷൻ നോട്ടീസ്

കേരള നിയമസഭയുടെ നാലാമത് അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ ക്ഷണിതാക്കളായി പങ്കെടുക്കുന്നവരുടെ സഞ്ചാരത്തിനായി 2026 ജനവരി 6 മുതൽ 13 വരെയുള്ള എട്ട് ദിവസങ്ങളിൽ അതത് ദിവസത്തേക്ക് നിശ്ചയിക്കപ്പെടുന്ന എണ്ണം ഇന്നോവ ക്രിസ്റ്റ കാറുകൾ, ഡ്രൈവർ, ഇന്ധനം എന്നിവ സഹിതം ആവശ്യമുള്ളതിനാൽ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി വാടക വ്യവസ്ഥയിൽ വാഹനങ്ങൾ നൽകാൻ ആഗ്രഹിക്കുന്ന വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും വാഹനങ്ങളുടെ വാടക നിരക്ക് സംബന്ധിച്ചുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു . ക്വട്ടേഷനുകൾ "കേരള നിയമസഭ - അന്താരാഷ്ട്ര പുസ്തകോത്സവം 2026 - വാഹന വാടക നിരക്ക് സംബന്ധിച്ച ക്വട്ടേഷൻ" എന്ന മേലെഴുത്തോടുകൂടി 2025 നവംബർ 28-ാം തീയതി വൈകുന്നേരം 3 മണിക്ക് മുമ്പായി അഡീഷണൽ സെക്രട്ടറി - I, നിയമസഭാ സെക്രട്ടേറിയറ്റ്, പാളയം, തിരുവനന്തപുരം - 33 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ലഭ്യമാകുന്ന ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 4 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. നിർദ്ദിഷ്ട തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾ അണ്ടർ സെക്രട്ടറി IV, നിയമസഭാ ഹോസ്റ്റൽ (9446012014) പക്കൽ നിന്നും ലഭിക്കുന്നതാണ്.

ശ്രീദീപ് കെ.ജി.

അഡീഷണൽ സെക്രട്ടറി -I

**പകർപ്പ് :**

1. വിവരസാങ്കേതിക വിദ്യാ വിഭാഗം

2. നോട്ടീസ് ബോർഡ്

## നിബന്ധനകൾ

1. വാഹനങ്ങൾ മികച്ച പ്രവർത്തനക്ഷമതയുള്ളവയായിരിക്കണം.
2. വാഹനങ്ങൾ വൃത്തിയോടും ശുചിത്വത്തോടും പരിപാലിക്കേണ്ടതാണ്.
3. ഓരോ ദിവസവും ആവശ്യമുള്ള വാഹനങ്ങളുടെ എണ്ണം തലേദിവസം വൈകുന്നേരം 6 മണിക്ക് അറിയിക്കുന്നതാണ്.
4. ആവശ്യപ്പെടുന്ന സമയക്രമത്തിൽ വാഹനങ്ങൾ ലഭ്യമാക്കേണ്ടതും അവ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.
5. വാഹനവുമായി ഡ്രൈവർമാർ നിർദിഷ്ട സമയത്ത് ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും നിയമസഭാ സെക്രട്ടറിയേറ്റിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ഡ്യൂട്ടി നിർവഹിക്കേണ്ടതുമാണ്.
6. ഡ്രൈവർമാർ ക്ഷണിതാക്കളോട് വിനയത്തോടും മര്യാദയോടും പെരുമാറേണ്ടതാണ്.
7. ഏതെങ്കിലും വാഹനത്തിന് സാങ്കേതിക തകരാർ ഉണ്ടാകുകയോ പ്രവർത്തനരഹിതമാകുകയോ ചെയ്യുന്ന പക്ഷം അടിയന്തരമായി പകരം വാഹനം ലഭ്യമാക്കേണ്ടതാണ്.
8. വാഹനവുമായി ബന്ധപ്പെട്ട നിയമാനുസൃത രേഖകൾ എല്ലാം വാഹനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.
9. ഡ്യൂട്ടിക്കിടയിൽ വാഹനങ്ങൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് നിയമസഭാ സെക്രട്ടേറിയറ്റിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.
10. ക്വട്ടേഷൻ അംഗീകരിക്കുന്ന പക്ഷം വാഹനദാതാവും നിയമസഭാ സെക്രട്ടേറിയറ്റും തമ്മിൽ കരാർ വയ്ക്കേണ്ടതാണ്.
11. കരാർ സംബന്ധിച്ച ഏത് നിബന്ധനയിലും ഇളവ് / ഭേദഗതി വരുത്തുവാൻ അഡീഷണൽ സെക്രട്ടറി - I, നിയമസഭാ സെക്രട്ടറിയേറ്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
12. പ്രത്യേക കാരണങ്ങൾ കൂടാതെ തന്നെ ഏതൊരു ക്വട്ടേഷനും സ്വീകരിക്കാനും നിരസിക്കാനും ഉള്ള അധികാരം അഡീഷണൽ സെക്രട്ടറി - I, നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

അഡീഷണൽ സെക്രട്ടറി
നിയമസഭാ സെക്രട്ടേറിയറ്റ്
PEN: 1762